(ഇ)-(ജി) കീഴ്വായ്പൂർ പോലീസ്സ്റ്റേഷനിൽ മൂന്ന് കേസ്സുകൾ എടുത്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിലെ പ്രതികളും ക്രൈം 165/99-ാം നമ്പർ കേസ്സിലെ പ്രതികളും ഒരേ ആൾക്കാർതന്നെയാണ്. എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

56 (1651) ചാരായവിൽപ്പനക്കാരെ അറസ്റ്റുചെയ്ത സംഭവം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഒക്ടോബർ 1-ാം തീയതി ബാലരാമപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട കട്ടച്ചാൽക്കുഴി ചരുവിള പുത്തൻവീട്ടിൽ ലളിതയുടെ വീടിനുപിൻവശത്തുവച്ച് ചാരായക്കച്ചവടക്കാരനായ മൊണ്ടി വിനു എന്നു വിളിക്കപ്പെടുന്ന വിനുവിനെ ബാലരാമപുരം പോലീസ് അറസ്റ്റു ചെയ്തുവോ;

(ബി) ലളിത പറഞ്ഞുകൊടുത്തത് പ്രകാരമാണ് മൊണ്ടി വിനുവിനെ അറസ്റ്റു ചെയ്തത് എന്ന് ആരോപിച്ച് ആരെങ്കിലും ലളിതയുടെ വീട് അടിച്ചു തകർക്കുകയും കുടുംബാംഗങ്ങളെ വധിക്കുവാൻ ശ്രമിക്കുകയും ചെയ്തുവോ; എങ്കിൽ പ്രതികൾ ആരെല്ലാമാണ്;

(സി) ഇതു സംബന്ധിച്ച് ആരെയെല്ലാം അറസ്റ്റുചെയ്തു;

(ഡി) ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള കണ്ടാലറിയാവുന്നവരുടെ പേര് ബന്ധപ്പെട്ട ഡി.വൈ.എസ്.പി ക്കും എസ്.ഐ. യ്ക്കും ലഭിച്ചുവോ;

(ഇ) എങ്കിൽ ഇവരെ അറസ്റ്റു ചെയ്തുവോ;

(എഫ്) ഇതു സംബന്ധിച്ച് മുഖ്യമന്ത്രി ഡി.ജി.പി., ഡി.എസ്.പി, ഡിവൈ.എസ്.പി. എന്നിവർക്കു സമർപ്പിച്ച പരാതികളിന്മേൽ എന്തു നടപടി കൈക്കൊണ്ടു;

(ജി) ഈ കേസ്സിലെ പ്രതികൾ ആരെങ്കിലും വീണ്ടും വ്യാജചാരായ വിൽപ്പനയിൽ ഏർപ്പെട്ടിട്ടുള്ളതായി അറിയാമോ;

(എച്ച്) ഈ കേസ്സിലെ പ്രതികളുടെ ഭീഷണിയിൽനിന്ന് ലളിതയേയും കുടുംബത്തേയും രക്ഷിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 30.9.1999-ൽ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ബി) ലളിത പോലീസിനു വിവരം കൊടുത്തിട്ടാണെന്നുള്ള വിരോധം നിമിത്തം ബിനുവിന്റെ കൂട്ടുകാരായ 1. ഷിജു, 2. ബിജു, 3. കൊച്ചു മണിയൻ, 4. മോഹനദാസ് എന്നിവർ ചേർന്ന് 1.10.1999 രാത്രിയിൽ ടി ലളിതയുടെ വീട്ടിൽ അതിക്രമിച്ചു കയറി വീടിന്റെ ജനൽഗ്ലാസുകളും മറ്റും നശിപ്പിക്കുകയും ടിയാളുടെ മകനെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവവും ഉണ്ടായിട്ടുണ്ട്.

(സി) കൊച്ചുമണിയൻ എന്നു വിളിക്കുന്ന മണിയൻ, മോഹനദാസ് എന്നിവരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) ഇതു സംബന്ധിച്ച പരാതിയിൽ 4 പ്രതികളുടെ പേരും 10 കണ്ടാലറിയാവുന്ന പ്രതികളും ഉണ്ടെന്ന കാര്യം പറഞ്ഞിട്ടുണ്ട്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ബാലരാമപുരം പോലീസിന്റെ അന്വേഷണത്തിൽ നാലുപേർ മാത്രമേ സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്നു വെളിവായിട്ടുള്ളതിനാൽ കൂടുതൽ പ്രതികളെപ്പറ്റി അന്വേഷണം നടത്തി അറസ്റ്റുചെയ്തിട്ടില്ല.

(എഫ്) പരാതിയിന്മേൽ അന്വേഷണം നടത്തി പരാതിക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ലളിതയ്ക്ക് ഭീഷണി ഉണ്ടാകാതിരിക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

57 (1652) അബ്ദുൾ സലാമിനെ തട്ടിക്കൊണ്ടുപോയതായി പരാതി

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പനച്ചി എന്ന സ്ഥലത്തുള്ള ശ്രീ. അബ്ദുൽസലാമിനെ തട്ടിക്കൊണ്ടുപോയതായി മഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മഞ്ചേരി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ക്രൈം നമ്പർ എത്ര;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) അബ്ദുൽ സലാമിന് മർദ്ദനം ഏറ്റതാണെന്ന അറിയിപ്പ് ജില്ലാ ആശുപത്രിയിൽനിന്നും ലഭിച്ചിരുന്നുവോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ കേസ്സ് രജിസ്റ്റർ ചെയ്ത് എന്തു തുടർനടപടികൾ എടുത്തു;

(എഫ്) അബ്ദുൽ സലാമിന്റെ മൊഴി രേഖപ്പെടുത്തിയിരുന്നുവോ; ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് രേഖപ്പെടുത്തിയത്?

ഉത്തരം

(എ) മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ക്രൈം 691/99 യു/എസ് 363,342,323,502(11), 465 ആർ/ഡബ്ല്യു 34 ഐ.പി.സി.

(സി) ഉദിക്കുന്നില്ല.

(ഡി) ലഭിച്ചിരുന്നു.

(ഇ) കേസ്സന്വേഷണം നടത്തിവരുന്നു.

(എഫ്) മഞ്ചേരി പോലീസ്സ്റ്റേഷനിലെ ഹെഡ് കോൺസ്റ്റബിൾ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

58 (1653) അബ്ദുൽ സലാമിനെ മർദ്ദിച്ച സംഭവം

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly